## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4107** **03.02.2014-ൽ മറുപടിക്ക്**

## നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയിലെ ചികിത്സാ പിഴവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>,, കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>,, രാജു എബ്രഹാം<br>,, വി.ശിവൻകുട്ടി | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയിൽ മരുന്നു കുത്തിവെയ്പിനെത്തുടർന്ന് രോഗി മരിക്കാനിടയായതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ആയതിന്റെ അടിസ്ഥാനത്തിലുള്ള കണ്ടെത്തൽ അറിയിക്കാമോ; | (എ) സർക്കാർ നിയോഗിച്ച അഞ്ചംഗ കമ്മിറ്റി അന്വേഷണം നടത്തി ഇടക്കാല റിപ്പോർട്ട് 19.01.2014-ന് സമർപ്പിച്ചിട്ടുണ്ട്. ഇടക്കാല റിപ്പോർട്ടിലെ കണ്ടെത്തലുകൾ താഴെ പറയുന്നവയാണ്:-<br>(1)സർക്കാരിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് മരുന്നുകൾ ഇൻഡന്റ് ചെയ്യുന്നതിലും അവയുടെ ലഭ്യതയും ഉപയോഗവും ഉറപ്പുവരുത്തുന്നതിലും ആശുപത്രി അധികൃതരായ സ്റ്റോർ സൂപ്രണ്ട്, ആർ.എം.ഒ, ആശുപത്രി സൂപ്രണ്ട് എന്നിവർ വീഴ്ച വരുത്തിയിരിക്കുന്നു.<br>(2)Injection Ceftazidime 500 mg I/v കെ.എം.എസ്.സി.എൽ-ൽ ലഭ്യമായിട്ടും നാളിതുവരെ ഇൻഡന്റ് ചെയ്യാതിരുന്നത് സ്റ്റോർ സൂപ്രണ്ട്, ആർ.എം.ഒ, ആശുപത്രി സൂപ്രണ്ട് എന്നിവരുടെ അനാസ്ഥയാണ്. തന്മൂലം പ്രസ്തുത മരുന്ന് നീതിസ്റ്റോറിൽ നിന്ന് ആശുപത്രിയിലെ ആർ.എസ്സ്.ബി. വൈ ഗുണഭോക്താക്കളായ രോഗികൾ ഉൾപ്പെടെയുള്ളവർക്ക് വാങ്ങേണ്ടതായി വരുന്നു.<br>(3)ആർ.എസ്.ബി.വൈ ഗുണഭോക്താ ക്കൾക്ക് സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പുറത്തുനിന്ന് (നീതി സ്റ്റോർ ഉൾപ്പെടെ) മരുന്ന് വാങ്ങുന്ന പ്രവണത നിർത്തലാക്കേണ്ടതാണ്. അങ്ങനെയാണെങ്കിൽ സർക്കാരിനും, വ്യക്തികൾക്കുമുള്ള സാമ്പത്തിക നഷ്ടം നല്ലൊരു പരിധിവരെ ലഘൂകരിക്കാൻ സാധിക്കുന്നതാണ്. |

(4) രോഗിയുടെ ആരോഗ്യനില ഗുരുതരാവസ്ഥയിലെത്തുന്ന സന്ദർഭത്തിൽ ജീവൻ രക്ഷിക്കുന്നതിനായി ലഭ്യമാക്കേണ്ട സംവിധാനങ്ങൾ വാർഡിൽ സജ്ജീകരിച്ചിട്ടില്ല. (ഉദാ: Endotracheal tube, Laryngoscope, Ambu bag എന്നിവ).

(ബി) ഇതിനെത്തുടർന്ന് ഏതൊക്കെ മരുന്നുകളാണ് നിരോധിച്ചത്; മറ്റു രോഗികളെ ആശുപത്രിയിൽ നിന്നും മാറ്റാനിടയായ സാഹചര്യം എന്തായിരുന്നു;

(ബി) ഹിമാചൽ പ്രദേശിലെ RACHIL Remedies Ltd. നിർമ്മിച്ച Injection Ceftazidime (Batch No.RA-125-24 Exp.04/2014), അതിനോടൊപ്പമുള്ള Buddi-യിലെ Perenteral Drugs എന്ന സ്ഥാപനം നിർമ്മിച്ച (Batch No.WT/1244 Exp. dt. 07/2014) Sterile Water for injection 10 ml എന്നീ മരുന്നുകളാണ് നിരോധിച്ചത്.

18 വയസ്സുള്ള ഗോപിക എന്ന രോഗിക്ക് Inj. Ceftazidime നൽകിയതിനെ തുടർന്നുള്ള പാർശ്വഫലത്താൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് റഫർ ചെയ്തിരുന്നു.

(സി) ഇക്കാര്യത്തിൽ ഔഷധഗുണ നിയന്ത്രണ വകുപ്പിന്റെ പങ്ക് പരിശോധിച്ച് എന്തൊക്കെ നടപടി സ്വീകരിച്ചു;

(സി) നെയ്യാറ്റിൻകര ആശുപത്രിയിൽ നടത്തിയ പരിശോധനയിൽ രോഗിക്ക് കുത്തിവച്ച മരുന്നിന് ടി ആശുപത്രിയിൽ നിന്നും കേരളാ മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് ഓർഡർ ഒന്നും നൽകിയിരുന്നില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ മരുന്നുകളുടെ ഗുണ നിയന്ത്രണത്തിന്റെ ഭാഗമായി നെയ്യാറ്റിൻകര ആശുപത്രിയിൽ നിന്നും സ്റ്റെറൈൽ ഹൈപ്പോഡെർമിക്ക് സിറിഞ്ച് (പ്രിക്കോൺ), സ്റ്റെറൈൽ ഹൈപ്പോഡെർമിക്ക് നീഡിൽ (പ്രിക്കോൺ), ഐ.വി കാനല വിത്ത് ലുവർ ലോക്ക് ആന്റ് ഇൻജക്ഷൻ പോർട്ട് (അൾട്ടാ), മൈസിഡ് 1000 ഇൻജക്ഷൻ സെഫ്റ്റാസിഡിം ഫോർ ഇൻജക്ഷൻ ഐ.പി എന്നീ മരുന്നുകളുടെ സാമ്പിളുകൾ എടുത്ത് പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്.

(ഡി) ചികിത്സാ പിഴവിനാൽ ജീവൻ നഷ്ടപ്പെട്ട രോഗിയുടെ ആശ്രിതർക്ക് സഹായം നൽകിയോ; വിശദമാക്കാമോ?

(ഡി) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

Sobhy

സെക്ഷൻ ഓഫീസർ